**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1871** **29-09-2025 - ൽ മറുപടിയ്ക്ക്**

**പ്രവേശന പരീക്ഷകളിൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ പിന്തള്ളപ്പെട്ട് പോകുന്ന സാഹചര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾ നീറ്റ്, കീം പ്രവേശന പരീക്ഷയിൽ നോർമലൈസേഷനുമായി ബന്ധപ്പെട്ട് പിന്തള്ളപ്പെട്ട് പോകുന്ന സാഹചര്യം നിലവിലുള്ളതിനാൽ ഈ വർഷം ഇത് പരിഹരിക്കുന്നതിന് വേണ്ട നടപടികളാണ് സർക്കാർ കൈക്കൊണ്ടതെങ്കിലും കോടതിവിധിയിലൂടെ ഇത് മറികടക്കുന്നതിന് സി.ബി.എസ്.ഇ. സിലബസിൽ പഠിക്കുന്നവർക്ക് കഴിഞ്ഞതിനാൽ അടുത്ത വർഷങ്ങളിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) | കീം പ്രവേശന പരീക്ഷയിൽ കേരള സിലബസിലെ വിദ്യാർത്ഥികൾ റാങ്ക് ലിസ്റ്റിൽ പിന്നാക്കം പോകുന്ന സാഹചര്യം ഉണ്ടായതിനെ തുടർന്ന് ഈ വിഷയം വിശദമായി പഠിക്കുന്നതിലേയ്ക്ക് ഒരു സ്റ്റാൻഡേർഡൈസേഷൻ റിവ്യൂ കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.<br><br>ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, വിവിധ ബോർഡിലെ മാർക്കുകൾ കേരള സിലബസിലെ മാർക്കിനോട് ഏകീകരിക്കുന്ന തരത്തിലുള്ള രീതി നടപ്പിലാക്കുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണർ സമർപ്പിച്ച വിശദമായ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിലും തയാറാക്കിയ പുതിയ ഫോർമുല അംഗീകരിച്ച 2025 KEAM പ്രോസ്പെക്ടസ് സർക്കാർ ഭേദഗതി ചെയ്യുകയും പുതിയ ഫോർമുല പ്രകാരം 01.07.2025 ന് എഞ്ചിനീയറിംഗ് കോഴ്സിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയുമുണ്ടായി. എന്നാൽ CBSE സിലബസ്സിൽ പഠിച്ച വിദ്യാർഥികൾ ടി റാങ്ക് ലിസ്റ്റിൽ പിന്നാക്കം പോയി എന്നും പ്രോസ്പെക്ടസ് പ്രസിദ്ധീകരിച്ചതിന് ശേഷം പുതിയ ഫോർമുല ഉപയോഗിച്ച് സമീകരണം നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി എന്നും ആക്ഷേപമുന്നയിച്ച് ടി വിദ്യാർഥികൾ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും തുടർന്ന് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് പുതുക്കി പ്രസിദ്ധീകരിക്കേണ്ടി വരികയും ചെയ്തിരുന്നു. പുതുക്കിയ റാങ്ക് ലിസ്റ്റിനു എതിരെ കേരള സിലബസ്സിൽ പഠിച്ച വിദ്യാർഥികൾ ബഹു സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ടി കേസ് ഇപ്പോൾ ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ബഹു.സുപ്രീംകോടതിയുടെ അന്തിമ വിധിക്ക് |

| | | | |
|---|---|---|---|
| | | | വിധേയമായി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ